ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ഇരുൾ വന്നണയും മുമ്പേ

عَنْ أَبِي هُرَيْرَةَ رَضِي الله عنه أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ: بَادِرُوا بِالأَعْمَالِ الصَّالِحَة ، فَسَتَكُونُ فِتَنًا كَقِطَعِ اللَّيْلِ الْمُظْلِمِ يُصْبِحُ الرَّجُلُ مُؤْمِنًا وَيُمْسِي كَافِرًا وَيُمْسِي مُؤْمِنًا وَيُصْبِحُ كَافِرًا يَبِيعُ دِينَهُ بِعَرَضٍ مِنَ الدُّنْيَا (رواه مسلم).

**അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'സന്മാർഗസരണിയിൽ സൽപ്രവർത്തനങ്ങളുമായി മുന്നേറൂ. ഇരുളടഞ്ഞ ഭീകര രാത്രിയിലെ കൂരിരുളിന് സമാനമായ വൻ വിപത്തുകൾ വരാനിരിക്കുന്നു. പ്രഭാതത്തിൽ വിശ്വാസിയായിരുന്ന ആൾ പ്രദോഷമാകുമ്പോൾ അവിശ്വാസിയായിട്ടുണ്ടാകും. പ്രദോഷത്തിൽ വിശ്വാസിയായിരുന്നയാൾ പ്രഭാതമാകുമ്പോഴേക്ക് അവിശ്വാസിയായിട്ടുണ്ടാകും. തന്റെ ഭൗതിക കാര്യങ്ങൾക്കു വേണ്ടി ദീനിനെ വിൽക്കുകയാണയാൾ' (മുസ്‌ലിം).**

ലോകത്തുടനീളം അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന വൻദുരന്തം ഒരു ചെറുവചനത്തിൽ ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു നബി (സ).

ഇരുട്ടിന്റെ ശക്തികൾ രംഗം കൈയടക്കുകയും പ്രകാശത്തിന്റെ വാഹകർ ദുർബലരാവുകയും ചെയ്ത, അത്യന്തം ബീഭത്സവും ഭീതിജനകവുമായ അവസ്ഥയിലേക്കാണ് നബി(സ) വിരൽ ചൂണ്ടുന്നത്. പ്രകാശത്തിന്റെ തിരിച്ചുവരവ് ഭയപ്പെടുന്നതിനാൽ, അതിന്റെ വക്താക്കളെ വേരോടെ പിഴുതെടുത്ത് തീക്കുണ്ഡങ്ങളിലെറിഞ്ഞു ചുട്ടെരിക്കാനാണ് ഇരുട്ടിന്റെ ശക്തികൾ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുന്നത്.

വിശ്വാസത്തിന്റെയും ആദർശത്തിന്റെയും സംസ്കാരത്തിന്റെയും എന്തെങ്കിലും ശേഷിപ്പുള്ളവരെ പൂർണമായും മാറ്റിയെടുത്ത് സ്തുതിപാഠകരോ ഒറ്റുകാരോ ആക്കി മാറ്റിയെടുക്കാനുള്ള തന്ത്രങ്ങളാണെവിടെയും. ദാരിദ്ര്യത്തിലേക്കും അരാജകത്വത്തിലേക്കും നീങ്ങുന്ന രാജ്യങ്ങൾ വരെ അവരുടെ സമ്പത്തും സന്നാഹവും വിനിയോഗിക്കുന്നത് 'ദിവ്യപ്രകാശ'ത്തെ ഊതിക്കെടുത്താൻ വേണ്ടിയാണ്. ഇതിനായി പ്രകോപനങ്ങളും പ്രലോഭനങ്ങളുമായി ഇറങ്ങുന്നു. ആദർശം കൈയൊഴിക്കാൻ ഒരുക്കമുള്ളവർക്ക് ഉന്നതസ്ഥാനങ്ങളും ഉറച്ച പൗരത്വവും മറ്റ് ഒട്ടനവധി വാഗ്ദാനങ്ങളും, ആദർശത്തിൽ ഉറച്ചുനിൽക്കുന്നവർക്കോ പൗരത്വം പോലുമില്ലാതെ നിത്യതടവറകളും നിരന്തര മർദന പീഡനങ്ങളും. ഇതു തന്നെയല്ലേ ഈ വചനം ചിത്രീകരിക്കുന്ന കൂരിരുൾ മൂടിയ വിനാശം?

മോഹനവാഗ്ദാനങ്ങളിലും പ്രലോഭനങ്ങളിലും വീണ്, പ്രകോപനങ്ങളെയും ഭീഷണികളെയും ഭയപ്പെട്ട് ചില സമുദായാംഗങ്ങൾ ശത്രുപാളയത്തിലേക്ക് ചേക്കേറുന്ന ഹൃദയഭേദകമായ കാഴ്ച! ഇതല്ലേ, 'പ്രഭാതത്തിലെ വിശ്വാസി പ്രദോഷത്തിലെ അവിശ്വാസിയും മറിച്ചും ആയിത്തീരുന്നു' എന്നതിന്റെ പൊരുൾ?

ഈ ദുരന്തഘട്ടത്തിൽ സത്യവിശ്വാസികളുടെ, അഥവാ ഇസ്‌ലാമിക പ്രവർത്തകരുടെ റോൾ എന്ത്? 'എല്ലാം ഖദ്‌റും ഖദാഉം' എന്ന് കരുതി ഒതുങ്ങിക്കൂടുകയോ? ഒരിക്കലുമല്ല. പ്രവാചകന്മാരുടെയും, വിശിഷ്യാ അന്ത്യപ്രവാചകന്റെയും കൂടെയുള്ളവരുടെയും മാതൃകകൾ എടുത്തുദ്ധരിച്ച്, വിശ്വാസികളുടെ ഉത്തരവാദിത്തം ഈ സന്ദിഗ്ധ ഘട്ടത്തിൽ എന്താണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഒരുദാഹരണമിതാ:

ഉഹുദ് യുദ്ധത്തിൽ ഇസ്‌ലാമിക സമൂഹത്തിനേറ്റ തിരിച്ചടി ശത്രുസമൂഹങ്ങൾക്ക് ഉത്തേജനമേകിയതായിരുന്നു സന്ദർഭം.

"വിശ്വാസികൾക്ക് ദൈവസ്മരണയിൽ ഹൃദയം ഭക്തിനിർഭരമാകുന്നതിനും അവൻ അവതരിപ്പിച്ച സത്യം പ്രാവർത്തികമാക്കുന്നതിനും, നേരത്തേ വേദം ലഭിച്ചവരെപ്പോലെ ആവാതിരിക്കുന്നതിനും ഇനിയും സമയമായില്ലേ? അക്കൂട്ടരാകട്ടെ കാലമേറെ കടന്നുപോയപ്പോൾ അവരുടെ മനസ്സ് കടുത്തുപോയി. ഇന്ന് അവരിലേറെപ്പേരും അധർമകാരികളായിരിക്കുന്നു" (*അൽഹദീദ്* 16).

'ഖുർആൻ അവതരണമാരംഭിച്ച് പതിനേഴു വർഷം കഴിഞ്ഞാണ് വിശ്വാസികളെ കിടിലം കൊള്ളിച്ച ഈ സൂക്തം അവതരിച്ചത്' എന്നാണ് അനസ്(റ) ഈ സൂക്തത്തെ സംബന്ധിച്ചു പറഞ്ഞത്. ഇത് വിശ്വാസം കൂടുതൽ ദൃഢമാക്കാനും അർപ്പണബോധവും ത്യാഗസന്നദ്ധതയും പതിന്മടങ്ങ് വർധിച്ച് കർമനിരതരാകാനും വിശ്വാസികൾക്ക് പ്രേരണയായി.

ത്യാഗസന്നദ്ധത പരീക്ഷിക്കപ്പെടേണ്ടതുണ്ടല്ലോ. അഹ്സാബ് യുദ്ധരംഗമായിരുന്നു 'പരീക്ഷാവേദി.' "ശത്രുക്കൾ മീതെ നിന്നും താഴെ നിന്നും (നാനാ ഭാഗത്തുനിന്നും) നിങ്ങളുടെ നേരെ വന്നപ്പോൾ..." (*അൽഅഹ്സാബ്* 10).

"ആ സന്ദർഭത്തിൽ വിശ്വാസികൾ നന്നായി പരീക്ഷിക്കപ്പെടുകയും ശക്തിയായി വിറപ്പിക്കപ്പെടുകയും ചെയ്തു" (*അൽഅഹ്സാബ്* 11).

വിശ്വാസികളുടെ ഉത്തരമിതാ: "ആക്രമണ സേനകളെ കണ്ടപ്പോൾ അവർ ഉറക്കെ പറഞ്ഞു: 'ഇത് അല്ലാഹുവും അവന്റെ ദൂതനും നമ്മോട് വാഗ്ദത്തം ചെയ്തതുതന്നെ. അല്ലാഹുവും അവന്റെ ദൂതനും പറഞ്ഞത് തികഞ്ഞ സത്യം തന്നെ.' ഈ സംഭവം അവരുടെ വിശ്വാസത്തെയും അർപ്പണത്തെയും വർധിപ്പിച്ചതേയുള്ളൂ" (*അൽ അഹ്സാബ്* 22). ഉടനെ വന്നു പരീക്ഷാഫലം, അഥവാ വിജയവും ശത്രുവിന്റെ പരാജയവും: "ശത്രുക്കൾക്കു നേരെ നാം കൊടുങ്കാറ്റയച്ചു. നിങ്ങൾക്ക് ദൃശ്യമല്ലാത്ത സൈന്യത്തെയും വിട്ടു. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹു കാണുന്നുണ്ടായിരുന്നു" (*അൽ അഹ്സാബ്* 9).

ഇത്തരം സന്ദിഗ്ധ ഘട്ടങ്ങളിൽ, സന്ദർഭത്തിനൊത്തുയർന്ന് ത്യാഗമനസ്സോടെ ഊർജസ്വലരായി രംഗത്തിറങ്ങൂ എന്നു തന്നെയാണ് ദൈവദൂതൻ ഈ വചനത്തിൽ വിശ്വാസികളോട് ആവശ്യപ്പെടുന്നത്. ●